പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3125   11/12/2014 ൽ മറുപടിയ്ക്ക്

# തണ്ടപ്പേർ നല്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര പാലമേൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 220/2-15-ൽ ശ്രീമതി. കല്ല്യാണിയമ്മയുടെയും മകൻ ശ്രീ. ആനന്ദിന്റെയും പേരിൽ 7694-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട 45.5 സെന്റ് വസ്തുവിൽ നിന്നും കല്ലട ജലസേചന പദ്ധതിയ്ക്കായി 14.75 സെന്റ് വസ്തു ഏറ്റെടുത്തിട്ടുണ്ടോ; | (എ) ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) ബാക്കിയുള്ള സ്ഥലത്തിന് റീസർവ്വേയ്ക്കു ശേഷം പുതിയ തണ്ടപ്പേര് നൽകിയിട്ടില്ലായെന്നും റീസർവ്വെയിൽ വന്ന പ്രസ്തുത തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ട് മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദ മന്ദിരത്തിൽ ശ്രീ. കെ. രവീന്ദ്രൻ 26-12-2012-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) 1978-79 കാലഘട്ടത്തിലാണ് പ്രസ്തുത സ്ഥലം കല്ലട ഇറിഗേഷൻ പ്രോജക്ട് കനാലിനു വേണ്ടി ഏറ്റെടുത്തിട്ടുളളത്. പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതിന്റെ സ്കെച്ചും, മഹസറും ലഭിച്ചാൽ മാത്രമേ കനാലിനു വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ സ്ഥാന നിർണ്ണയം നടത്തി പരാതി പരിഹരിക്കുവാൻ കഴിയുകയുളളു. പ്രസ്തുത സ്കെച്ചിന്റെ പകർപ്പുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായും ആയത് ലഭ്യമായാലുടൻ തന്നെ പ്രശ്ന പരിഹാരത്തിന് |

നടപടി സ്വീകരിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ജലസേചന പദ്ധതിയ്ക്ക് ഏറ്റെടുത്ത ശേഷം ബാക്കിയുള്ള വസ്തു, തണ്ടപ്പേർ ഉടമകളുടെ പേരിൽ കൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ